ഉത്തരം

(എ) കെ. എസ്. ഐ. ഡി. സി. യിലെ ജീവനക്കാർക്ക് ബോണസ് ആക്ടിലെ വ്യവസ്ഥകളും ബാധകമല്ല. കോർപ്പറേഷൻ അംഗീകരിച്ച ആർബിട്രേഷൻ അവാർഡിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് 1985–86–ൽ വിതരണം ചെയ്തത് ബോണസ്സല്ല; ഉൽപ്പാദന മത്സര ബന്ധിതമായ പ്രോൽസാഹന അലവൻസാണ്. അതിനാൽ ബോണസ് ആക്ടിലെ വ്യവസ്ഥകളുടെ ലംഘനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുന്ന പ്രശ്നമുദിക്കുന്നേയില്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) 'എ' പാർട്ട് ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന സാഹചര്യം കണക്കിലെടുത്തുകൊണ്ട് ജീവനക്കാർ കൂടുതൽ സാമ്പത്തികാനുകൂല്യങ്ങൾക്ക് അർഹരല്ലെന്ന് അറിയിച്ചിട്ടുണ്ട്.

കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനിലെ തൊഴിലാളികൾ

2012 [3116] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിൽ എത്ര തൊഴിലാളികൾ ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കോർപ്പറേഷന് ലഭിച്ച തുക എത്ര?

ഉത്തരം

(എ) കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ആർട്ടിസാൻ പദ്ധതികൾക്ക് വേണ്ടി രജിസ്റ്റർ ചെയ്യുന്നതിനായി 75,000 ത്തോളം തൊഴിലാളികൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) 3.72 ലക്ഷം രൂപ.

വൈൽഡ് ലൈഫ് വിഭാഗം

2013 [3122] ശ്രീ. രാഘവൻ പൊഴക്കടവിൽ:
,, ബെന്നി ബഹനാൻ:
,, കെ. സി. ജോസഫ്:
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി, സദയം മറുപടി നൽകുമോ:

(എ) വൈൽഡ് ലൈഫ് ഒരു പ്രത്യേക വിഭാഗമാണോ;

(ബി) ഈ വിഭാഗത്തിൽ എത്ര തസ്തികകളും എത്ര ജീവനക്കാരുമുണ്ട്;

(സി) എത്ര വന്യമൃഗ സംരക്ഷണകേന്ദ്രങ്ങൾ ഈ വിഭാഗത്തിന്റെ അധീനതയിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓരോ സംരക്ഷണകേന്ദ്രത്തിന്റെയും വിസ്തീർണ്ണമെത്ര;

(ഇ) ഈ കേന്ദ്രത്തിൽ സംരക്ഷിക്കപ്പെടുന്ന മൃഗങ്ങൾ ഏതെല്ലാം;

(എഫ്) ഇവയിൽ എത്ര ടൈഗർ പ്രോജക്ടുകൾ ഉണ്ട്;

(ജി) വൈൽഡ് ലൈഫ് ഒരു പ്രത്യേക വിഭാഗമാക്കിയതു കൊണ്ട് ഈ മേഖലയിൽ എന്തെല്ലാം പ്രയോജനങ്ങളാണ് ഉള്ളത്?

ഉത്തരം

(എ) അതെ. വനംവകുപ്പിലെ ഒരു പ്രത്യേക വിഭാഗമാണ്.

(ബി) 46 ഇനങ്ങളിലായി 312 തസ്തികകളും അത്രയും തന്നെ ജീവനക്കാരും ഉണ്ട്.

(സി) 2 ദേശീയോദ്യാനങ്ങളുൾപ്പെടെ 14 വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങൾ.

(ഡി) ഓരോ സംരക്ഷണകേന്ദ്രത്തിന്റെയും വിസ്തീർണ്ണം താഴെ ചേർക്കുന്നു:

1.	വയനാട് വന്യജീവി സംരക്ഷണ കേന്ദ്രം	344	ച.കി.മീ.
2.	പറമ്പിക്കുളം ,,	285	,,
3.	പീച്ചി, വാഴാനി ,,	125	,,
4.	ഇടുക്കി ,,	70	,,
5.	നെയ്യാർ ,,	128	,,
6.	പേപ്പാറ ,,	53	,,
7.	ചെന്തുരുണി ,,	100.32	,,
8.	ചിന്നാർ ,,	90.44	,,
9.	ചിമ്മിണി ,,	10	,,
10.	ആറളം ,,	55	,,
11.	തട്ടേക്കാട് പക്ഷിസങ്കേതം	25	,,
12.	പെരിയാർ വന്യമൃഗസംരക്ഷണ കേന്ദ്രം.	777	,,
13.	ഇരവികുളം ദേശീയോദ്യാനം	9	,,
14.	സൈലന്റ് വാലി ,,	89.5	,,

(ഇ) പാറാൻ, ആന, പുലി, പൂച്ചപ്പുലി, സിംഹവാലൻകുരങ്ങ്, വെരുക്, കൂരാൻ, വരയാട്, ഈനാംപേച്ചി, കരടി, കടുവ, ചീങ്കണ്ണി, മലമ്പാമ്പ്, വേഴാമ്പൽ, മയിൽ, മലയണ്ണാൻ, കരിമന്തി, നീർനായ് തുടങ്ങിയ മൃഗങ്ങളെയാണ്.

(എഫ്) ഒന്ന്. പെരിയാർ ടൈഗർ പ്രോജക്ട്.

(ജി) സാധാരണ വനസംബന്ധമായ ജോലികളിൽനിന്നും വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ വേർപെടുത്തിയതിനാൽ, വന്യജീവി സംരക്ഷണം കൂടുതൽ ഊർജ്ജസ്വലവും ഫലപ്രദവുമായി നടപ്പാക്കാനിക്കഴിയുന്നു; വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ വികസനത്തിനും, വന്യമൃഗങ്ങളുടെ സംരക്ഷണത്തിനുമായി പ്രത്യേക പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ കഴിഞ്ഞു; വന്യജീവി സംരക്ഷണപ്രവർത്തനങ്ങൾക്ക് അഭിരുചിയുള്ളവരുടെയും പരിശീലനം നേടിയവരുടെയും സേവനം പൂർണ്ണമായും ഉപയോഗപ്പെടുത്താനും തദ്വാര കാലക്രമത്തിൽ വന്യജീവിസംരക്ഷണത്തിൽ അനുഭവജ്ഞാനവും, വൈദഗ്ദ്ധ്യവും പ്രയോജനപ്പെടുത്തുന്നതിനും കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly